FEDERATION OF RESIDENTS' ASSOCIATIONS
THIRUVANANTHAPURAM (FRAT) Reg. No. 50/93

*Office :* Paraniyam Chambers, Ground Floor, Paraniyam Towers
Vanchiyoor, Thiruvananthapuram - 695 035, visit us on : www.frat.in
Fax : 0471 - 2469177, Email : ourfrat@gmail.com

President
T.K. BHASKARA PANICKER
Ph : 2722759, Mob : 9446904844

General Secretary
ADV. PARANIYAM DEVAKUMAR
Ph : 2476440, Mob : 9446508446

Treasurer
S. SATHEESACHANDRAN NAIR
Ph:0472-2857050,Mob: 9447770368

Ref: No.........................................    Date ..26..3..2013

## ബജറ്റിൽ തലസ്ഥാന ജില്ലാ വികസന പ്രതീക്ഷകൾ ഏറെ
## മന്ത്രി വി.എസ്. ശിവകുമാറിന് അഭിനന്ദനം – ഫ്രാറ്റ്

തിരുവനന്തപുരം : പുതിയ സംസ്ഥാന ബജറ്റിൽ 500 കോടി രൂപയിലേറെ രൂപയുടെ വികസന പദ്ധതികൾ ചൂണ്ടിക്കാണിക്കാനുള്ളതിനാൽ തലസ്ഥാന ജില്ലാ വികസനത്തിന് ഏറെ പ്രതീക്ഷയ്ക്ക് വകയുണ്ടെന്ന് ഫ്രാറ്റ് പ്രസിഡന്റ് ടി.കെ. ഭാസ്കരപണിക്കർ, ജനറൽ സെക്രട്ടറി അഡ്വ. പരണിയം ദേവകുമാർ എന്നിവർ പ്രസ്താവനയിൽ അറിയിച്ചു. തലസ്ഥാന ജില്ലയെ ബജറ്റ് അവഗണിച്ചു എന്ന വിമർശനത്തിന്റെ അടിസ്ഥാനത്തിൽ ക്യാപ്പിറ്റൽ സിറ്റി ഡെലവപ്മെന്റ് കമ്മിറ്റിയുടെ ചുമതലയുള്ള ആരോഗ്യമന്ത്രി ശ്രീ. വി.എസ്. ശിവകുമാറുമായി ഫ്രാറ്റ് പ്രതിനിധി സംഘം നടത്തിയ ചർച്ചയിലാണ് ജില്ലയുടെ വികസനപദ്ധതികൾ മന്ത്രി വ്യക്തമാക്കിയത്.

സംസ്ഥാനത്തൊട്ടാകെ അടിസ്ഥാന സൗകര്യവികസനത്തിനായി 246 കോടി രൂപ ചെലവിടുന്ന 10 മെഗാ പദ്ധതികളിൽ നാലും തിരുവനന്തപുരത്തിനാണ്. തലസ്ഥാന മേഖലാ വികസനം, മോണോ റെയിൽ, മൾട്ടിമോഡൽ മൊബിലിറ്റി ഹബ്ബ്, വിഴിഞ്ഞം തുറമുഖപദ്ധതി എന്നിവയാണ് ആ പദ്ധതികൾ. തലസ്ഥാനനഗരിയെ സംസ്ഥാനത്തെ മെഡിസിറ്റിയാക്കി മാറ്റുംവിധം പുതിയ മെഡിക്കൽ കോളേജ്, ക്യാൻസർ സെന്റർ വികസനം, മുട്ടത്തറയിൽ പുതിയ നഴ്സിംഗ് കോളേജ്, നെടുമങ്ങാട് താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തൽ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, പൊള്ളൽ ചികിത്സ തുടങ്ങിയവ, ദന്തൽ കോളേജിൽ വനിതാഹോസ്റ്റൽ തുടങ്ങിയവയും ദശകോടികളുടെ നടപ്പുവർഷ പദ്ധതികളാണ്.

കാട്ടാക്കട, വർക്കല താലൂക്കുകൾ, വർക്കല-കോട്ടപ്പുറം ജലപാത, കോവളം, പൊൻമുടി, വർക്കല, വേളി, ശംഖുമുഖം, മീൻമുട്ടി, കല്ലാർ, പേപ്പാറ ഉൾപ്പെടെ ജില്ലാ ടൂറിസം കേന്ദ്രങ്ങൾക്കുമാത്രമായി 20 കോടി രൂപയുള്ള വികസന പദ്ധതികൾ ബജറ്റിലുള്ളതായും മന്ത്രി ഫ്രാറ്റ് നിവേദക സംഘത്തെ അറിയിച്ചു.

കരമന-കളിയിക്കാവിള റോഡ് വികസനം, ഭൂമി ഏറ്റെടുക്കൽ, അനുബന്ധ ചെലവുകൾ (50 കോടി), ആറ്റുകാൽ ടൗൺഷിപ്പ് (10 കോടി), ക്യാൻസർ സെന്റർ (42 കോടി), പാർവ്വതീപുത്തനാർ ശുചീകരണം, നഗരപരിസ്ഥിതി വികസനം (10 കോടി), കരമന നദീതീര സംരക്ഷണം (5 കോടി), ട്രിഡയ്ക്ക് നഗരവികസനം (3 കോടി), സയൻസ് പാർക്ക് (1 കോടി), അയ്യൻകാളി റിസർച്ച് സ്റ്റഡി സെന്റർ (30 ലക്ഷം), മുട്ടത്തറ നെറ്റ് ഫാക്ടറിക്ക് കേന്ദ്രവിഹിതമായ 30 കോടിക്കൊപ്പം സംസ്ഥാന വിഹിതം (2 കോടി), പാറശ്ശാല വാട്ടർ സ്കീം (10 കോടി), കോവളം വെങ്ങാനൂർ വാട്ടർ സ്കീം (2 കോടി), സ്വീവറേജ് സ്കീം (5 കോടി), വലിയതുറ, പൂന്തുറ തുറമുഖ പഠനം (65 ലക്ഷം), നഗരറോഡ് വീതികൂട്ടൽ, പുതിയ ലിങ്ക്-റേഡിയൽ റോഡുകൾ, പാർക്കുകൾ, പ്ലാസകൾ, നവീന ഫിഷ് മാർക്കറ്റ്, പ്രമുഖ കേന്ദ്രങ്ങളിൽ ഫ്ളൈ ഓവറുകൾ തുടങ്ങി നിരവധി പദ്ധതികൾക്ക് ബജറ്റിൽ തുക ഉൾപ്പെടുത്തിയിട്ടുള്ളതായി മന്ത്രി വ്യക്തമാക്കി.

രക്ഷാധികാരി എം.വി. സുഗതൻ, പ്രസിഡന്റ് ടി.കെ. ഭാസ്കര പണിക്കർ, ജനറൽ സെക്രട്ടറി അഡ്വ. പരണിയം ദേവകുമാർ, ട്രഷറർ എസ്. സതീശചന്ദ്രൻ നായർ, എം.എസ്. വേണുഗോപാൽ, ജഗതി ശിവൻതമ്പി, പി. ജയദേവൻ നായർ എന്നിവരാണ് ഫ്രാറ്റ് പ്രതിനിധി സംഘത്തിലുണ്ടായിരുന്നത്. മന്ത്രിയെ അഭിനന്ദിച്ച ഫ്രാറ്റ് പ്രതിനിധി സംഘം ജില്ലാ വികസന പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തണമെന്നും ആയതിലേക്ക് പ്രതിമാസ അവലോകന യോഗങ്ങൾ ചേരണമെന്നും ആവശ്യപ്പെടുകയും ചെയ്തു.

**അഡ്വ. പരണിയം ദേവകുമാർ**

ജനറൽ സെക്രട്ടറി